# Telephone conversation between Prime Minister and the President of Russian Federation

July 02, 2020

---

## പ്രധാന മന്ത്രിയും റഷ്യൻ ഫെഡറേഷൻ പ്രസിഡന്റുമായുള്ള ടെലിഫോൺ സംഭാഷണം നടത്തി

### 02 ജൂലൈ, 2020

പ്രധാന മന്ത്രി ശ്രീ നരേന്ദ്രമോഡി റഷ്യൻ ഫെഡറേഷൻ പ്രസിഡന്റായ എച് ഇ വ്ളാഡ്മിർ പുടിനുമായി 02 ജൂലൈ 2020 ന് ഫോൺ സംഭാഷണം നടത്തി

രണ്ടാം ലോകമഹായുദ്ധത്തിലെ വിജയത്തിന്റെ 75 മത് വാർഷിക ആഘോഷങ്ങളുടെ വിജയത്തിലും റഷ്യയിലെ ഭരണഘടനാഭേദഗതിയിലെ വിജയകരമായ പൂർത്തീകരണത്തിന് പ്രധാനമന്ത്രി പ്രസിഡന്റ് പുടിനെ അഭിനന്ദിച്ചു.
ഇന്ത്യയിലെയും റഷ്യയിലെയും ജനങ്ങളുടെ സൗഹാർദസൂചകമായി 24 ജൂൺ 2020 മോസ്കോയിൽ നടന്ന സൈനിക പരേഡിൽ ഇന്ത്യൻ സൈനിക വിഭാഗങ്ങൾ പങ്കെടുത്തതും പ്രധാന മന്ത്രി അനുസ്മരിച്ചു.

കോവിഡ് -19 എന്ന ആഗോള പകർച്ച വ്യാധിയുടെ പ്രതികൂല ഫലങ്ങളെ പ്രതിരോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഇരു നേതാക്കളും നിരീക്ഷിക്കുകയുണ്ടായി കൂടാതെ കോവിഡിന് ശേഷമുള്ള ലോകത്തിലെ വെല്ലുവിളികൾ പരിഗണിക്കുന്നതിന് ഇന്ത്യ -റഷ്യ ബന്ധങ്ങളുടെ പ്രാധാന്യത്തെ കുറിച്ചും സമ്മതിച്ചു.

ഈ വർഷാവസാനത്തിലെ ഉഭയ ഉച്ചകോടിയിലേക്ക് നയിക്കപ്പെടുന്ന രീതിയിൽ ഉഭയകക്ഷി സമ്പർക്കങ്ങളിലെയും പര്യാലോചനകളിലെയും ചലനാത്മകത നിലനിർത്തുന്നതിനും അവർ സമ്മതിച്ചു. ഇന്ത്യയ്ക്ക് വേണ്ടി ഉഭയ ഉച്ചകോടിയിലേക്ക് പ്രസിഡണ്ട് പുടിനെ സ്വാഗതം ചെയ്യുന്നതിന് പ്രധാനമന്ത്രി ശ്രദ്ധ പതിപ്പിച്ചു.

ഇരു രാജ്യങ്ങളും തമ്മിൽ എല്ലാ മേഖലകളിലും പ്രത്യേകവും വിശേഷാധികാരത്തോടുകൂടിയതുമായ തന്ത്രപ്രധാനമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താനുള്ള അദ്ദേഹത്തിന്റെ പ്രതിജ്ഞാബദ്ധതയ്ക്കും കൂടാതെ ഫോൺ കോളിനും പ്രസിഡന്റ് പുടിൻ പ്രധാനമന്ത്രിയോട് നന്ദി അറിയിച്ചു.

**ന്യൂ ഡൽഹി**
**02 ജൂലൈ.2020**

DISCLAIMER : This is an approximate translation. The original is available in English on MEA's website and may be referred to as the official press release.